കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

--------------------------------------------------------------------------------

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ഓഗസ്റ്റ് 12 തിങ്കൾ

## പി.ആർ.ഡി. പ്രത്യേക പത്രക്കുറിപ്പ്

# മന്ത്രി ജി.സുധാകരൻ എസ്.ഡി.വി സ്കൂളിലെ ക്യാമ്പുകൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി

ആലപ്പുഴ: പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പുമന്ത്രി ജി.സുധാകരൻ തിങ്കളാഴ്ച പകൽ ആലപ്പുഴ എസ്.ഡി.വി. സ്കൂളിലെ ക്യാമ്പുകളിലെത്തി സൗകര്യങ്ങൾ വിലയിരുത്തി. എസ്.ഡി.വി. ജെ.ബി.സ്കൂൾ, ബോയ്സ് സ്കൂൾ എന്നിവിടങ്ങളിലെ ക്യാമ്പുകളാണ് മന്ത്രി സന്ദർശിച്ചത്. അന്തേവാസികളോട് ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞു. പായയുടെ അഭാവം പലരും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആരോഗ്യപ്രശ്നങ്ങൾ ഉള്ളവർക്ക് എത്രയും പെട്ടെന്ന് പായ എത്തിക്കാൻ ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി. രാവിലെ ഉപ്പുമാവ്, പഴം, ബ്രഡ് എന്നിവയായിരുന്നു ക്യാമ്പിലെ ഭക്ഷണം. ഉച്ചയ്ക്ക് ഊണിനുള്ള സമാഗ്രികളും മന്ത്രി ചോദിച്ചറിഞ്ഞു. ധനമന്ത്രി തോമസ് ഐസക്കും എസ്.ഡി.വി.സ്കൂളിലെ ക്യാമ്പിൽ എത്തിയിരുന്നു. ജെ.ബി.സ്കൂളിൽ 252 അന്തേവാസികളും ബോയ്സിൽ നൂറോളം കുടുംബങ്ങളും ഇപ്പോൾ അന്തേ വാസികളായുണ്ട്. അന്തേവാസികൾക്കായി ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് മെഡിസിൻ, ഹോമിയോപ്പതി, ആയുർവേദം ഡിസ്പെൻസറികളും ക്യാമ്പിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു.

# നീരൊഴുക്ക് കൂടുതൽ സുഗമമാക്കാനുള്ള നടപടികൾ ഉടനുണ്ടാവും: മന്ത്രി ജി.സുധാകരൻ

ആലപ്പുഴ:കിഴക്കൻ വെള്ളത്തിന്റെ വരവ് കൂടിയ സാഹചര്യത്തിൽ അത് കടലിലേക്ക് ഒഴുകിയെത്താനുള്ള മാർഗ്ഗങ്ങൾ കൂടുതൽ സുഗമമാക്കാനുള്ള നടപടികൾ അടിയന്തിരമായി ചെയ്യണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മന്ത്രി ജി.സുധാകരൻ നിർദ്ദേശം നൽകി. കളക്ട്രേറ്റിൽ വിളിച്ചു ചേർത്ത യോഗത്തിലാണ് അടിയന്തിര നടപടിക്ക് മന്ത്രി നിർദ്ദേശം നൽകിയത്. കടലിലേക്ക് വെള്ളം ഒഴുകി മാറാനായി തോട്ടപ്പള്ളി,തണ്ണീർമുക്കം,അന്ധകാരനഴി എന്നിവിടങ്ങളിലെ ഷട്ടറുകൾ പൂർണ്ണമായും

തുറന്നിരുന്നു. എന്നാൽ തോട്ടപ്പള്ളി പൊഴിമുഖത്തെ രണ്ട് വശങ്ങളിലും മണൽ കൂടികിടക്കുന്നതിനാൽ ഒഴുക്കിന്റെ ശക്തി കുറയുന്നുണ്ട്, ഇത് എത്രയും പെട്ടെന്ന് മണൽ നീക്കം ചെയ്ത് പരിഹരിക്കണമെന്നാണ് മന്ത്രി ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശം. ഇതിന് വേണ്ട എല്ലാ സഹായവും ജില്ലാഭരണകൂടത്തിന്റെ ഭാഗത്ത് നിന്നു ഉണ്ടാവുമെന്നും മന്ത്രി യോഗത്തിൽ പറഞ്ഞു. ജലസേചന വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ അമ്പലപ്പുഴ, കുട്ടനാട് എന്നീ താലൂക്കുകളിലെ തഹസിൽദാർമാർ, ജില്ലാ പൊലീസ് മേധാവി കെ.എം ടോമി എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# കൈനകരിയിൽ മണൽച്ചാക്ക് ഉപയോഗിച്ച് താൽക്കാലിക ബണ്ട് നിർമിക്കും -മന്ത്രി തോമസ് ഐസക്

ആലപ്പുഴ: കൈനകരിയിൽ മടവീണ കനകാശ്ശേരി, ആറ്പങ്ക് എന്നിവിടങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ മണൽച്ചാക്ക് ഇട്ട് ബണ്ട് നിർമിച്ച് വെള്ളം വറ്റിക്കൽ ആരംഭിക്കുമെന്ന് ധനമന്ത്ര തോമസ് ഐസക് പറഞ്ഞു. കർഷകരുടെയും ബണ്ട് നിർമാണ് കരാറുകാരുടെയും പാടശേഖരസമിതിക്കാരുടെയും അടിയന്തിര യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. കൈനകരിയിൽ രണ്ടിടത്ത് മടവീണിട്ടുണ്ട്.ബാക്കിയുള്ള സ്ഥലത്ത് മടവീണിട്ടില്ലെങ്കിലും പലയിടത്തും ബണ്ട് കവിഞ്ഞ് വെള്ളം ഒഴുകുന്നുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ ഈ ജലനിരപ്പ് തുടർന്നാൽപ്പോലും കൂടുതൽ മടവീഴ്ച പ്രതീക്ഷിക്കണമെന്ന് ധനമന്ത്രി പറഞ്ഞു. രണ്ട് കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചു. കായലിലെ ജലനിരപ്പ് താഴ്ന്നാൽ മാത്രമേ പെട്ടിയും പറയും ഉപയോഗിക്കാൻ കഴിയൂ. അതുകൊണ്ട് ലഭ്യമായ കൂടുതൽ പമ്പുകൾ നിലവിലുള്ള പാടശേഖരങ്ങളെ സംരക്ഷിക്കുന്നതിന് ഉപയോഗിക്കുന്നതിന് കളക്ട്രേറ്റിൽ തീരുമാനിച്ചിട്ടുണ്ട്. മടവീണ സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് മടകുത്തുന്നതിന് വേണ്ടിയുള്ള സംവിധാനം ഒരുക്കുകയാണ് രണ്ടാമത്തേത്.നിലവിൽ ചെയ്തുവരുന്ന രീതിയിൽ തെങ്ങിന്റെ കുറ്റികൾ അടിച്ചിറക്കി ചെളികുത്തി ബണ്ട് പിടിപ്പിക്കുന്നതിന് രണ്ടുമാസത്തെ സമയം എടുക്കും. വെള്ളം വറ്റിച്ചാൽ മാത്രമേ ക്യാമ്പിലുള്ള ആളുകൾക്ക് തിരിച്ചുപോകാനാവൂ. കൈനകരിപാടശേഖരത്ത് വളരെ വലിയ രീതിയിൽ 25 അടി വീതിയിൽ മണൽ ചാക്കുകൾ നിരത്തി താൽക്കാലികമായി ബണ്ട് നിർമിച്ച് വെള്ളം പമ്പ് ചെയ്യും. വെള്ളം കുറയുമ്പോൾ ഉള്ളിൽ സമയമെടുത്ത് ബണ്ട് നിർമിക്കുകയാണ് ഉദ്ദേശിക്കുന്നത്. വെള്ളം ഇറങ്ങുമ്പോൾ ആളുകൾക്ക് പോകാം. അതിന് പാരമ്പര്യമായി അവിടെ ബണ്ട് നിർമിച്ച് ശീലമുള്ളവരുമായി ചർച്ച നടത്തി. ഇവരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ചിട്ടപ്രകാരം അടിയന്തിരമായി എസ്റ്റിമേറ്റാക്കുകയാണ്. ഏതാണ്ട് അഞ്ച് ദിവസം കൊണ്ട് പമ്പിങ് ഇവിടെ തുടങ്ങാൻ കഴിയുമെന്നാണ് ബന്ധപ്പെട്ടവർ വ്യക്തമാക്കുന്നത്. അതിനുള്ളിൽ മണൽച്ചാക്ക് നിറച്ച് വയ്ക്കാൻ കഴിയും. നിറയ്ക്കാനുള്ള മണ്ണ്, സാൻഡ് ബാഗ് എന്നിവ ജില്ലാഭരണകൂടവുമായി ചർച്ച നടത്തി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയതായി മന്ത്രി പറഞ്ഞു. സബ്കളക്ടർ കൃഷ്ണതേജ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ഷൈനീ ലൂക്കോസ് തുടങ്ങിയവരും ആലപ്പുഴ എസ്.ഡി.വി.സ്കൂളിൽ നടന്ന ചർച്ചയിൽ പങ്കെടുത്തു.

# 12 പമ്പുസെറ്റുകൾ കൂടി കുട്ടനാട് പാടശേഖരത്തിലെ വെള്ളം വറ്റിക്കുന്നതിനായി നൽകും -കളക്ടർ

ആലപ്പുഴ: 12 പമ്പുസെറ്റുകൾ കൂടി കുട്ടനാട് പാടശേഖരത്തിലെ വെള്ളം വറ്റിക്കുന്നതിനായി വിട്ടു നൽകുമെന്ന് ജില്ല കളക്ടർ ഡോ അദീല അബ്ദുള്ള പറഞ്ഞു. കാലവർഷത്തോടനുബന്ധിച്ച് ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്ന ആവശ്യത്തിനായി ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള 28 പമ്പ് സെറ്റുകളിൽ 16 എണ്ണം വിവിധ പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 12 പമ്പുസെറ്റുകൾ കൂടി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനായി കൃഷി വകുപ്പ് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസ് വഴി ലഭ്യമാക്കും. പാടശേഖര സമിതികളുടെ അപേക്ഷകളിൽ മേൽ അടിയന്തര അന്വേഷണം നടത്തി ആവശ്യാനുസരണം പാടശേഖരങ്ങൾക്ക് മുൻഗണന ക്രമത്തിൽ വിതരണം നടത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസറെ കളക്ടർ ചുമതലപ്പെടുത്തി. ഉപയോഗത്തിനുശേഷം പമ്പുസെറ്റുകൾ കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ തിരികെ ഇറിഗേഷൻ ഡിപ്പാർട്മെന്റിനെ ഏൽപ്പിക്കണമെന്ന നിർദ്ദേശത്തോടെയാണ് വിട്ടുനൽകുകയെന്നം കളക്ടർ അറിയിച്ചു. ആലപ്പുഴ :12 പമ്പുസെറ്റുകൾ കൂടി കുട്ടനാട് പാടശേഖരത്തിലെ വെള്ളം വറ്റിക്കുന്നതിനായി വിട്ടു നൽകുമെന്ന് ജില്ല കളക്ടർ ഡോ അദീല അബ്ദുള്ള പറഞ്ഞു. 2019ലെ കാലവർഷത്തോടനുബന്ധിച്ച ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്ന ആവശ്യത്തിലേയ്ക്കായി ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള 28 പമ്പ് സെറ്റുകളിൽ 16 എണ്ണം വിവിധ പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 12 പമ്പുസെറ്റുകൾ പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനായി പാടശേഖര സമിതികളുടെ അപേക്ഷകളിൽ മേൽ അടിയന്തര അന്വേഷണം നടത്തി ആവശ്യാനുസരണം പാടശേഖരങ്ങൾക്ക് മുൻഗണന ക്രമത്തിൽ വിതരണം നടത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസർനെ കളക്ടർ ചുമതലപ്പെടുത്തി. പമ്പുസെറ്റുകൾക്ക് വാടകയോ ഡെപ്പോസിറ്റോ ഈടാക്കേണ്ടതില്ല. ഉപയോഗത്തിനുശേഷം പമ്പുസെറ്റുകൾ കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ തിരികെ ഇറിഗേഷൻ ഡിപ്പാർട്മെന്റിനെ ഏൽപ്പിക്കണമെന്നും കളക്ടർ നിർദ്ദേശം നൽകി.

## ജില്ലയിൽ ഉച്ചവരെ ആകെ 77 ക്യാമ്പുകൾ

ആലപ്പുഴ: ജില്ലയിൽ ആകെ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം 77 ആയി. ചെങ്ങന്നൂർ താലൂക്കിലാണ് ഇതിൽ 30 ക്യാമ്പുകളും. മറ്റ് താലൂക്കുകളിലെ കണക്കുകൾ കുട്ടനാട്(8), കാർത്തികപ്പള്ളി(25), മാവേലിക്കര(8), ചേർത്തല(4), അമ്പലപ്പുഴ(2). ക്യാമ്പുകളിൽ ആകെ 11052 അന്തേവാസികളാണുള്ളത്. ചെങ്ങന്നൂരിൽ 2488 പേരും കുട്ടനാട് 1465 പേരും കാർത്തികപ്പള്ളിയിൽ 4903 പേരും മാവേലിക്കരയിൽ 918 പേരും ചേർത്തല 163 പേരും അമ്പലപ്പുഴയിൽ 1115 പേരുമാണ് ക്യാമ്പുകളിലുള്ളത്.